(എ) സംസ്ഥാനത്ത് ഉദ്യോഗസ്ഥ നിയമനങ്ങളിലെ പിന്നോക്ക സമുദായ പ്രാതിനിധ്യം സംബന്ധിച്ച് പി.എസ്.സി. അധികൃതർ ജോസഫ് കമ്മീഷനെ തെറ്റിദ്ധരിപ്പിച്ചെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ സത്യാവസ്ഥ കണ്ടെത്തുന്നതിനും യഥാർത്ഥ കണക്കുകൾ ശേഖരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെതുൾപ്പെടെ സംവരണം മൊത്തം തസ്തികകളുടെ 50 ശതമാനത്തിൽ കവിയാൻ പാടില്ല. എന്ന വ്യവസ്ഥ ലംഘിച്ചുകൊണ്ട് 60 ശതമാനം പ്രാതിനിധ്യം പിന്നോക്കക്കാർക്ക് ലഭിച്ചിട്ടുണ്ടെന്ന് പി.എസ്.സി. അധികൃതർ ജോസഫ് കമ്മീഷന് രേഖ നൽകിയതായി ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ ;

(ഇ) കൃത്രിമ രേഖയുണ്ടാക്കി സംവരണ വ്യവസ്ഥ അട്ടിമറിക്കാൻ പി.എസ്.സി. അധികൃതർ കൂട്ടുനിന്നു എന്ന ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് ആരുടെയെങ്കിലും പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഉദ്യോഗനിയമനങ്ങളിലെ പിന്നോക്ക പ്രാതിനിധ്യത്തിന്റെ വകുപ്പ് തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ,

(എ) ഇത്തരത്തിൽ ഒരു പരാതിയും രേഖാമൂലം സർക്കാരിനു ലഭിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) സർക്കാർ സർവ്വീസിലെ പ്രാതിനിധ്യം പരിശോധിക്കുന്നതിന് ജസ്റ്റീസ് നരേന്ദ്രൻ ചെയർമാനായി ഒരു മൂന്നംഗ കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇത്തരത്തിൽ ഒരു പരാതിയും രേഖാമൂലം സർക്കാരിനു ലഭിച്ചിട്ടില്ല.

(എഫ്) ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പിന്നോക്ക വിഭാഗക്കാർക്ക് സംവരണം

4(*6) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന സർവ്വീസിൽ പിന്നോക്ക വിഭാഗക്കാർക്ക് സംവരണം നൽകുന്നതു സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) സംവരണ സംരക്ഷണ നിയമത്തിന്മേലുള്ള സുപ്രീംകോടതി വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ കൊടുക്കാനുദ്ദേശിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്നു വിശദീകരിക്കുമോ ;

(ഡി) മുമ്പുണ്ടായിരുന്നതു പോലെയുള്ള സംവരണം നൽകണമെന്ന് നിർദ്ദേശിക്കുന്ന പുതിയ നിയമം ഉണ്ടാക്കുവാനും അത് ഭരണഘടനയുടെ ൯-ാം പട്ടികയിൽ പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ ഈ നടപടി എന്നേയ്ക്ക് സ്വീകരിക്കുമെന്നു വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നയനാർ) : സർ,

(എ) പിന്നോക്ക സമുദായങ്ങൾക്ക് പരമാവധി ആനുകൂല്യം നൽകണം എന്നതാണ് ഗവൺമെന്റിന്റെ സമീപനം.

(ബി&സി) റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് എതിരായാണ് വിദഗ്ദ്ധ നിയമോപദേശം കിട്ടിയിട്ടുള്ളത്.

(ഡി&ഇ) ഇത്തരത്തിൽ പ്രമേയം അസംബ്ലിയിൽ അവതരിപ്പിച്ച് പാസ്സാക്കി ഭരണഘടന ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രഗവൺമെന്റിന് അയച്ചുകൊടുക്കണമെന്ന് ഉദ്ദേശിക്കുന്നു.

സംവരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കമ്മീഷൻ

5 (*7) ശ്രി. പി. നാരായണൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. ജോസ് ബേബി :
പ്രൊഫ: മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ ഉൾപ്പെടെയുള്ള സംവരണ പ്രശ്നങ്ങളിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ ഈ കമ്മീഷനിൽ എത്ര അംഗങ്ങളുണ്ട് ;

(ബി) ഈ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര കാലത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ,

LIBRARY ARCHIVES Kerala Legislative Assembly